(സി) നിലവിലുള്ള ഒഴിവുകളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് നിലവിലുള്ള ഒഴിവുകളിലേക്ക് എന്നത്തേക്ക് നിയമനം നൽകാൻ സാധിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഹയർസെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.റ്റി. (ഹിസ്റ്ററി) വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി. (സീനിയർ) തസ്തികയിൽ 40 ഒഴിവുകളും ജൂനിയർ തസ്തികയിൽ 32 ഒഴിവുകളും നിലവിലുണ്ട്.

(സി) എച്ച്.എസ്.എസ്.റ്റി. (സീനിയർ) തസ്തികയിൽ 2 ഒഴിവുകളും ജൂനിയർ തസ്തികയിൽ 8 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത സീനിയർ തസ്തികയിലെ 2 ഒഴിവുകളിലേക്കും ജൂനിയർ തസ്തികയിലെ 8 ഒഴിവുകളിലേക്കും പി.എസ്.സി.-യിൽ നിന്ന് നിയമനോപദേശം ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. ശേഷിക്കുന്ന ഒഴിവുകൾ സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്.

**ഹയർസെക്കണ്ടറി വിദ്യാഭ്യാസരംഗം**

43(2897) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. സാജു പോൾ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസരംഗം കുത്തഴിഞ്ഞ അവസ്ഥയിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിദ്യാർത്ഥികളുടെ പഠനത്തെ ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നറിയാമോ ;

(സി) നടപ്പു അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പുതിയ അദ്ധ്യാപക നിയമനത്തിനും സ്ഥലംമാറ്റത്തിനുമുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്തു കൊണ്ടെന്ന് വിശദീകരിക്കുമോ ;

(ഡി) അദ്ധ്യയനവർഷം പകുതി പിന്നിട്ടശേഷം മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള കൂട്ട സ്ഥലംമാറ്റം അദ്ധ്യാപകരെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഹയർസെക്കണ്ടറി മേഖലയിൽ നിലനില്ക്കുന്ന പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) ഈ സർക്കാർ പുതുതായി അനുവദിച്ച എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളെത്ര ; അവയിലെ അദ്ധ്യാപക തസ്തികകൾ എത്ര ; അവയ്ക്കെല്ലാം അനുമതി നൽകിയിട്ടുണ്ടോ ; പുതുതായി അനുവദിക്കപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർക്കെല്ലാം കൂടി പ്രതിവർഷം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; വിശദമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ച് വരുന്നു.

**ഹയർസെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ**

44(2898) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി കോമേഴ്സ് (സീനിയർ/ജൂനിയർ, നോൺ വൊക്കേഷണൽ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ സീനിയർ/ജൂനിയർ വിഭാഗങ്ങളിലായി എത്ര പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലെ എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് സീനിയർ അദ്ധ്യാപകരുടെ 32 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 358 ഒഴിവുകളും നോൺ വൊക്കേഷണൽ സീനിയർ തസ്തികയിലെ 22 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സിൽ സീനിയർ തസ്തിക മാത്രമേ നിലവിലുള്ളൂ.

(ബി) എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് സീനിയർ തസ്തികയിലെ 32 ഒഴിവുകളിലേക്കും എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ജൂനിയർ തസ്തികയിലെ 356 ഒഴിവുകളിലേക്കും നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. നോൺ വൊക്കേഷണൽ തസ്തികയിലെ 22 സീനിയർ ഒഴിവുകളിലേക്ക് പി.എസ്.സി.-യിൽനിന്നും നിയമന നിർദ്ദേശം ലഭിച്ചതനുസരിച്ച് വകുപ്പിൽനിന്നും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly